പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2398 — 18.06.2014-ൽ മറുപടിയ്ക്ക്

## ആലപ്പുഴ മെഡിക്കൽ കോളേജിൽ പുതിയ എക്സ്റേ യന്ത്രം സ്ഥാപിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ.രാജേഷ്** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ആലപ്പുഴ മെഡിക്കൽ കോളേജിലെ പ്രധാന എക്സ്റേ യന്ത്രവും ഡിജിറ്റൽ എക്സ്റേ യന്ത്രവും തകരാറിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിലെ നാല് എക്സ്റേ യന്ത്രങ്ങളിൽ മൂന്നെണ്ണവും പ്രവർത്തന ക്ഷമമാണ്. ഡിജിറ്റൽ എക്സ്റേ യന്ത്രങ്ങൾ രണ്ടെണ്ണവും പ്രവർത്തന ക്ഷമമാണ്. |
| (ബി) | ഇവയുടെ തകരാർ പരിഹരിക്കുന്നതിനും പുതിയ എക്സ്റേ യന്ത്രം സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ? | (ബി) | കേടായ ഒരു എക്സ്റേ യന്ത്രത്തിന്റെ തകരാർ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ എക്സ്റേ യന്ത്രങ്ങൾ വാങ്ങുന്നതിന് നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ